KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ - 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

നമ്പർ:4155/Misc

തിയതി :03.09.2022

## സർക്കുലർ നമ്പർ 68 /2022 (P&HR)

വിഷയം : കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതി നടത്തിപ്പിന് ശേഷം ബാക്കി വന്ന ലാപ്ടോപ്പുകൾ വിലയിൽ ഇളവ് നൽകി ജീവനക്കാർക്ക് വിതരണം ചെയ്യുന്നത് -- സംബന്ധിച്ച്.

സൂചന : 1. സർക്കുലർ നമ്പർ 59/2022 (P&HR) തിയതി 22.07.2022.
2. 04.08.2022 ലെ നോട്ടീസ്.

സൂചന 1 സർക്കുലർ പ്രകാരം, "കെ.എസ്.എഫ്.ഇ വിദ്യാശ്രീ" പദ്ധതിയുടെ നടത്തിപ്പിന് ശേഷം ബാക്കി വന്ന ലാപ്ടോപ്പുകൾ വിലയിൽ ഇളവ് നൽകി ജീവനക്കാർക്ക് വിതരണം ചെയ്യുന്നതിന് വേണ്ടി ഓൺലൈൻ അപേക്ഷ ക്ഷണിക്കുകയും അതുപ്രകാരം ലാപ്ടോപ് ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ച ജീവനക്കാർക്ക് ആയത് ലഭ്യമാക്കി കൊണ്ടിരിക്കുകയുമാണ്. ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി 22.08.2022 ന് ബഹു: ചെയർമാന്റെ സാന്നിധ്യത്തിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ലാപ്ടോപ്പുകളുടെ വില വീണ്ടും 2,500/- രൂപ കുറക്കുവാനും ലാപ്ടോപ് ആവശ്യമുണ്ടായിട്ടും ഇതുവരെ അപേക്ഷിക്കുവാൻ കഴിയാതിരുന്ന ജീവനക്കാർക്ക് വീണ്ടും അപേക്ഷിക്കാൻ അവസരം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. ലഭ്യമായ ലാപ്ടോപ്പുകളുടെ എണ്ണവും ആയതിന്റെ യഥാർത്ഥ വിലയും താഴെ നൽകുന്നു.

| Laptop Brand | Acer | HP | Lenovo |
|---|---|---|---|
| Model | Acer TravelMate B311-31 | HP 245 G8 | Lenovo E41-55 |
| Price (Inclusive of all taxes) | Rs.17,883/- | Rs.17,990/- | Rs.18,000/- |
| No. of Laptops available | 103 | 803 | 892 |

ലാപ്ടോപ്പുകളുടെ മേൽ പരാമർശിച്ച വിലയിൽ ആകെ 5000/- രൂപയുടെ പ്രത്യേക ഇളവ് ജീവനക്കാർക്ക് അനുവദിക്കുന്നതാണ്. ജീവനക്കാർക്ക് താല്പര്യമുള്ള ബ്രാൻഡ് തെരഞ്ഞെടുക്കാവുന്നതാണ്. ഒരു ജീവനക്കാരന് ഒന്നിൽ കൂടുതൽ ലാപ്ടോപ്പ് അനുവദിക്കുന്നതല്ല. നിലവിൽ ലാപ്ടോപ്പുകൾക്ക് ഏകദേശം 18 മാസത്തേക്ക് വാറന്റി ലഭ്യമാണ്. ഇതുകൂടാതെ ലാപ്ടോപ്പുകൾക്ക് വരുന്ന കേടുപാടുകളോ മറ്റോ സംബന്ധിച്ച് കമ്പനിക്ക് (KSFE) ബാധ്യത ഒന്നും ഉണ്ടായിരിക്കുന്നതല്ല. മേൽപ്പറഞ്ഞ ഇളവ് കഴിച്ചുള്ള തുക 2 തവണകളായി അവരവരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും പിടിക്കുന്നതാണ്.

ലാപ്ടോപ്പുകൾ ആവശ്യപ്പെട്ട് ഇതിനോടകം അപേക്ഷ നൽകുകയും എന്നാൽ ഇതുവരെ ലാപ്ടോപ്പ് കൈപറ്റാതിരിക്കുകയും ചെയ്ത ജീവനക്കാർക്ക് അവരുടെ അപേക്ഷ പിൻവലിക്കാനുള്ള അവസരവും നൽകുന്നതാണ്.

(...2)

Confidential

ലാപ്ടോപ്പുകൾക്ക് വേണ്ടിയുള്ള അപേക്ഷ ഓൺലൈൻ ആയി **17.09.2022 ന് വൈകിട്ട് 5 മണി വരെ** സ്വീകരിക്കുന്നതാണ്. ലാപ്ടോപ്പുകളുടെ എണ്ണം പരിമിതമായതിനാൽ ആദ്യം ലഭിക്കുന്ന അപേക്ഷകൾ ആദ്യം എന്ന രീതിയിലാണ് പരിഗണിക്കുക (FIFO method) എന്ന് അറിയിച്ചുകൊള്ളുന്നു. ലാപ്ടോപ്പുകൾക്ക് വേണ്ടി അപേക്ഷ സമർപ്പിക്കുന്നതിനുള്ള **ലിങ്ക് downloads** ൽ ലഭ്യമാണ്.

ഈ സർക്കുലർ എല്ലാ ജീവനക്കാരും വായിച്ചതായി യൂണിറ്റ് മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**സുബ്രഹ്മണ്യൻ വി.പി**
**മാനേജിംഗ് ഡയറക്ടർ**

**To:- എല്ലാ ശാഖാ തലവന്മാർക്കും**

| | | | |
|---|---|---|---|
| 1. | **എല്ലാ മേഖലാ ഓഫീസുകൾക്കും** | 2. | **ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും** |
| 3. | **എല്ലാ IAD ടീമുകൾക്കും/ പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും** | 4. | **എല്ലാ SDT ഓഫീസുകൾക്കും** |
| 5. | **MD യുടെ PA** | 6 | **സർക്കുലർ ഫയൽ** |

Confidential